# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 205     18.12.2012 ലെ മറുപടിക്ക്

### റെയിൽപാളം അട്ടിമറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എം. ആരിഫ് :<br>,, ബാബു. എം. പാലിശ്ശേരി:<br>ശ്രീമതി പി. അയിഷാ പോറ്റി :<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ റെയിൽവേ പാളങ്ങളിൽ ഇടയ്ക്കിടെ അട്ടിമറി ശ്രമങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അട്ടിമറി ശ്രമങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. വിലയിരുത്തിയിട്ടുണ്ട്. അട്ടിമറി ശ്രമങ്ങളാണെന്ന് സംശയിക്കത്തക്ക സംഭവങ്ങളെ ഉണ്ടായിട്ടുള്ളൂ. ഇതുവരെയുള്ള അന്വേഷണത്തിൽ അവ ആസൂത്രിതമാണെന്നതിനോ അവയ്ക്ക് തീവ്രവാദ ബന്ധമുള്ളതായോ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. ഇത്തരം സംഭവങ്ങളെ തുടർന്ന് ട്രാക്ക് പട്രോളിംഗ്, സർപ്രൈസ് ചെക്കിംഗ് എന്നിവ നടത്തി വരുന്നു. |
| (ബി) | ആസൂത്രിതമായ അട്ടിമറിക്ക് പിന്നിൽ ഏതെങ്കിലും കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; | (ബി) | ആസൂത്രിതമായ അട്ടിമറി ശ്രമങ്ങൾ നടന്നതായി തെളിഞ്ഞിട്ടില്ല. |
| (സി) | ഇത്തരം സംഭവങ്ങളെ ലഘൂകരിച്ച് കാണുന്നത് അപകടകരമാണെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; | (സി) | ഇത്തരം സംഭവങ്ങളെ വളരെ ഗൗരവത്തോടുകൂടിയാണ് പരിഗണിച്ചു വരുന്നത്. |
| (ഡി) | അട്ടിമറി ശ്രമങ്ങൾ സംബന്ധിച്ച് ഏതെങ്കിലും കേന്ദ്രത്തിലുള്ളവർക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായോ; വിശദമാക്കുമോ? | (ഡി) | ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ ചിലത് അന്വേഷണത്തിലാണ്. |

സെക്ഷൻ ഓഫീസർ